**ശുചിത്വമിഷൻ**

തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ


05.04.2025

## പത്രക്കുറിപ്പ്

## വൃത്തി കോൺക്ലേവ് : രാഷ്ട്രീയപ്രതിനിധികളുമായും പ്രതിഷേധ സമരനേതാക്കളുമായും ഓപ്പൺ ഫോറങ്ങൾ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിവിധ രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളുൾപ്പെടെയുള്ളവരുമായുള്ള ഓപ്പൺ ഫോറം ഏപ്രിൽ ഒൻപതു മുതൽ തിരുവനന്തപുരത്ത് ആരംഭിക്കുന്ന വൃത്തി-2025 ക്ലീൻ കേരള കോൺക്ലേവിന്റെ ഭാഗമായി നടത്തും. നയപരവും പ്രായോഗികവുമായ കാര്യങ്ങളിൽ അഭിപ്രായസമന്വയവും ഒത്തുചേർന്നുള്ള പ്രവർത്തനവും ലക്ഷ്യമിട്ടാണ് ഈ ചർച്ച സംഘടിപ്പിക്കുന്നത്. ഏപ്രിൽ പത്തിന് വൈകിട്ട് നാലിനാണ് 'സമവായം' എന്ന പേരിലുള്ള ഈ സെഷൻ.

മാലിന്യസംസ്കരണ പദ്ധതികളുമായി ബന്ധപ്പെട്ട് എതിർപ്പുകളും ആശങ്കകളും ഉന്നയിച്ചവരുടെ പ്രതിനിധികളുമായുള്ള ചർച്ചകളും വൃത്തി കോൺക്ലേവിന്റെ ഭാഗമായി നടക്കും. ആശങ്കകളുള്ള വിഷയങ്ങളിലെ വസ്തുതകളുടെ അവതരണവും തുറന്ന ചർച്ചയും ഇതിൽ ലക്ഷ്യമിടുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പ്ലാന്റുകളും മറ്റും സന്ദർശിക്കാനും നേരിൽ കണ്ട് ബോധ്യപ്പെടാനുമുള്ള അവസരവും ഇതിന്റെ ഭാഗമായി ഒരുക്കും

ശുചിമുറിമാലിന്യ സംസ്കരണ പ്ലാന്റുകൾ, സാനിട്ടറി ലാൻഡ് ഫില്ലുകൾ, ബയോമൈനിംഗ്, എംസിഎഫ്, ആർആർഎഫ് തുടങ്ങിയവ സ്ഥാപിക്കുന്ന തിനുള്ള തടസ്സങ്ങൾ ഈ ചർച്ചകളിൽ വിഷയമാകും. 'പ്രതിഷേധസമര നേതാക്കളുമായുള്ള മുഖാമുഖം-മിത്തുകളും സത്യങ്ങളും' എന്ന പേരിലുള്ള ഈ സെഷൻ ഏപ്രിൽ 11 ഉച്ചതിരിഞ്ഞ് രണ്ടു മണി മുതലാണ്.

തദ്ദേശവകുപ്പ മന്ത്രി എം.ബി. രാജേഷും ഉന്നത ഉദ്യോഗസ്ഥരും രണ്ടുസെഷനുകളിലും പങ്കെടുക്കും. മികച്ച രീതിയിൽ പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങളും രണ്ടു പരിപാടികളിലും പങ്കെടുക്കും.


റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com